11/7/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1642(6)/2016 *എസ്.ഐ.സി.***

(ഫയൽ നം.11696/*എസ്.ഐ.സി-ജി 5/2016*)

(ഉത്തരവുകൾ sic.kerala.gov.in – ൽ ലഭ്യമാണ്)

സന്നിഹിതൻ

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 ജൂലൈ 7

ശ്രീ. റെജി വർഗ്ഗീസ്,
റ്റി.സി-14/352,
കാഞ്ഞിരക്കാട്ടു ഹൗസ്,
പൊതുജനം ഗാർഡൻസ്,
കുമാരപുരം, തിരുവനന്തപുരം – 695 011.
} അപ്പീൽ ഹർജിക്കാരൻ

Vs.

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &,
   അസിസ്റ്റന്റ് കമ്മീഷണർ (എൽ.എ),
   ലാന്റ് റവന്യൂ കമ്മീഷണറേറ്റ്,
   പബ്ലിക്ക് ഓഫീസ് കോമ്പൗണ്ട്,
   തിരുവനന്തപുരം – 695 033.
2. അപ്പീൽ അധികാരി &
   ജോയിന്റ് കമ്മീഷണർ,
   ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയം,
   റവന്യൂ കോംപ്ലക്സ്,
   പബ്ലിക്ക് ഓഫീസ് കോമ്പൗണ്ട്, മ്യൂസിയം ജംഗ്ഷൻ,
   തിരുവനന്തപുരം – 695 033.

} എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. റെജി വർഗ്ഗീസ് കമ്മീഷൻ മുമ്പാകെ 24.09.2016 ൽ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിലെ എസ്.പി.ഐ.ഒ മുമ്പാകെ 03.05.2016 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയിന്മേൽ, 16/- രൂപ ഫീസ് അടയ്ക്കുവാനും 2-ാമത്തെ ചോദ്യത്തിൽ വ്യക്തത വരുത്തണമെന്നും എസ്.പി.ഐ.ഒ മറുപടി നൽകിയെന്നും ടിയാൻ തുക അടച്ച് ചെലാൻ ഹാജരാക്കി വിശദീകരണം സമർപ്പിച്ചുവെന്നും എന്നാൽ ഇതുവരെ വിവരം ലഭിച്ചില്ലെന്നും 12.08.2016 ൽ സമർപ്പിച്ച

ഒന്നാം അപ്പീലിൽ 26.08.2016ൽ മറുപടി ലഭിച്ചെന്നും ആയത് തൃപ്തികരമല്ലെ ന്നുമാണ്.

2. അപ്പീൽ അധികാരി 26.08.2016 ൽ തീർപ്പാക്കിയ അപ്പീൽ നടപടി ക്രമ ത്തിൽ പറയുന്നത്, അപേക്ഷകൻ 03.05.2016 ൽ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ (1) ട്രിവാൻഡ്രം ടെന്നീസ് ക്ലബ്, വൈ. എം.സി.എ, മുസ്ലീം അസോസിയേഷൻ, മന്നം ക്ലബ് എന്നിവയുടെ പാട്ടത്തുക കുറച്ച് കൊണ്ടുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പ്, (2) ടി.സി.സി. മറ്റ് ക്ലബ്ബു കൾ എന്നിവയ്ക്ക് ഭൂമി അനുവദിച്ച ഉത്തരവുകളുടെ പകർപ്പ് എന്നിവയാണ് ടിയാൻ ആവശ്യപ്പെട്ടിരുന്നതെന്നും ആയതിൽ ക്രമ നം. 1 ൽ ആവശ്യപ്പെട്ടിട്ടുള്ള ഉത്തരവുകളുടെ പകർപ്പിന് 16/- രൂപ ഒടുക്കുവാനും ക്രമ നം. 2 ൽ ആവശ്യപ്പെട്ടി രിക്കുന്ന വിവരം എന്താണെന്ന് വ്യക്തമല്ലെന്നും ആയത് വ്യക്തമാക്കണമെന്നും കാണിച്ച് 19.05.2016 ൽ എസ്.പി.ഐ.ഒ മറുപടി നൽകിയെന്നുമാണ്. എസ്.പി.ഐ.ഒ നിർദ്ദേശിച്ച പ്രകാരം തുക ഒടുക്കി ചെലാൻ ഹാജരാക്കിയിട്ടും പകർപ്പ് ലഭ്യമായി ല്ലെന്നും ക്ലബ്ബുകൾ കുറച്ച് തുക ഒടുക്കിയാൽ ഭൂമി അനുവദിക്കുവാൻ സർക്കാർ ഉത്തരവായിട്ടുണ്ടെന്നും പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കണമെന്നും കാണിച്ച് ടിയാൻ 12.08.2016 ൽ ഒന്നാം അപ്പീൽ സമർപ്പിച്ചെന്നും ഇത് സംബന്ധിച്ച് എസ്.പി.ഐ.ഒ യിൽ നിന്നും റിപ്പോർട്ടും ഫയലും ലഭ്യമാക്കി പരിശോധിച്ചു വെന്നും അപേക്ഷകൻ ഫീസ് ഒടുക്കി ചെലാൻ ഹാജരാക്കിയതിന്റെ അടിസ്ഥാന ത്തിൽ പകർപ്പ് നൽകുവാൻ ഉത്തരവായിയെന്നും എന്നാൽ ടി സമയത്ത് പ്രസ്തുത സെക്ഷനിലെ ക്ലർക്ക് മാറി പുതിയ ക്ലർക്ക് ചുമതലയേറ്റതിന്റെ തിരക്കിനി ടയിൽ ടി പകർപ്പ് അയയ്ക്കുവാൻ വിട്ടുപോയതാണെന്നും ബോധപൂർവ്വം വിവരം നൽകാതിരുന്നതല്ലെന്ന് എസ്.പി.ഐ.ഒ ബോധിപ്പിച്ചുവെന്നും അപേക്ഷകൻ ആവ ശ്യപ്പെട്ട ക്രമ നം. 1 പ്രകാരമുള്ള പകർപ്പുകൾ വിവരാവകാശ നിയമം വകുപ്പ് 7(2)(i) പ്രകാരം എസ്.പി.ഐ.ഒ സൗജന്യമായി നൽകേണ്ടതാണെന്നും പകർപ്പ് ഫീസ് ഇനത്തിൽ നൽകിയ 16/- രൂപ നിയമാനുസൃതം അപേക്ഷകന് തിരിച്ച് നൽകേണ്ടതാണെന്നും ക്രമ നം. 2 പ്രകാരം ആവശ്യപ്പെട്ട പകർപ്പുകൾ സംബ ന്ധിച്ച് വ്യക്തമായ വിവരം അപേക്ഷകൻ അറിയിക്കുന്ന മുറയ്ക്ക് ലഭ്യമായ പകർപ്പുകൾ നിയമാനുസൃതം അപേക്ഷകന് നൽകുവാനും ഉത്തരവായിയെന്നുമാ ണ്.

3. രണ്ടാം എതിർകക്ഷി 18.11.2015 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപേക്ഷകന്റെ അപ്പീൽ തീർപ്പാക്കുന്ന തിന്റെ ഭാഗമായി 26.08.2016 ൽ ടിയാനെ നേരിൽ കേട്ടുവെന്നും ടിയാൻ ആവശ്യ

പ്പെട്ട പകർപ്പും ഫീസിനത്തിൽ ഈടാക്കിയ 16/- രൂപ തിരികെ നൽകുന്നതിനും ക്രമ നം. 2 ൽ ആവശ്യപ്പെട്ട പകർപ്പുകൾ സംബന്ധിച്ച് വ്യക്തമായ വിവരം അപേക്ഷകൻ അറിയിക്കുന്ന മുറയ്ക്ക് ലഭ്യമായ പകർപ്പുകൾ നിയമാനുസൃതം നൽകുന്നതിന് ഒന്നാം അപ്പീലധികാരി ഉത്തരവായിയെന്നും ടി ഉത്തരവിന്റെ പകർപ്പ് അപേക്ഷകന് നൽകിയിട്ടുള്ളതാണെന്നും G.O(MS) 229/16 R.D dated 03.03.16, G.O(MS) 230/16 dated 03.03.16, G.O(MS) 231/16 dated 03.03.16, G.O(MS) 232/16 R.D dated 03.03.16 എന്നിവയുടെ പകർപ്പും തുകയും വില്ലേജ് ഓഫീസർ മുഖാന്തിരം നടത്തി മടക്കുന്നതിന് 09.09.2016 ന് വില്ലേജ് ഓഫീസർ കടകംപള്ളിയ്ക്ക് നൽകിയിട്ടുള്ളതാണെന്നും സമയ പരിധിയ്ക്കുള്ളിൽ തന്നെ കത്തും തുകയും നൽകുന്നതിലേക്ക് കടകംപള്ളി വില്ലേജിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് 10.09.2016, 11.09.2016 എന്നീ അവധി ദിവസങ്ങൾ ഉൾപ്പെടെ ടിയാന്റെ വീട്ടിൽ പോയെങ്കിലും ടിയാനെ കാണാൻ കഴിഞ്ഞില്ലെന്നും തുടർന്ന് 14.10.2016 ൽ ടിയാന്റെ വീട്ടിൽ പോയപ്പോൾ ടിയാന്റെ ഭാര്യയെ കാണുവാൻ കഴിഞ്ഞെന്നും ടിയാൻ കുറച്ച് ദിവസം കഴിഞ്ഞേ വീട്ടിൽ എത്തുകയുള്ളൂ എന്ന് പറഞ്ഞതനുസരിച്ച് പകർപ്പും തുകയും ടിയാനുവേണ്ടി ഭാര്യ കൈപ്പറ്റിയിട്ടുള്ളതുമാണെണ് വില്ലേജ് ഓഫീസർ കടകംപള്ളി റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണെന്നാണ്.

4. ഒന്നാം അപ്പീൽ തീർപ്പും, അപ്പീൽ അധികാരിയുടെ റിപ്പോർട്ടും പരിശോധിച്ചതിൽ എസ്.പി.ഐ.ഒ യുടെ ഭാഗത്തു നിന്നും മന:പൂർവ്വമല്ലാത്ത വീഴ്ച ഉണ്ടായതായി കാണുന്നതിനാൽ ടിയാനെ ശക്തമായി താക്കീത് നൽകുന്നു. വിവരാവകാശ അപേക്ഷ സമയബന്ധിതമായി തീർപ്പാക്കുന്നതിനും ലഭ്യമായ വിവരങ്ങൾ അപേക്ഷകന് നൽകുന്നതിനും അപ്പീൽ അധികാരി എസ്.പി.ഐ.ഒ യ്ക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകേണ്ടതാണെന്ന് കമ്മീഷൻ അപ്പീൽ അധികാരിയ്ക്ക് നിർദ്ദേശം നൽകുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം, ഈ അപ്പീൽ ഹർജിയിന്മേൽ കമ്മീഷൻ ഇന്നേ ദിവസം 2022 ജൂലൈ മാസം 7-ാം തീയതി ഉത്തരവാകുന്നു.

(ഒപ്പ്)

**ഡോ. വിശ്വാസ് മേത്ത**
**മുഖ്യ വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm